## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 179 — 07.08.2017 ൽ മറുപടിയ്ക്ക്

### ജയിൽ പരിഷ്കരണ കമ്മീഷൻ

| ചോദ്യം<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ. നാണു<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. കെ. ബി. ഗണേഷ് കുമാർ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ നിയമിച്ച ജയിൽ പരിഷ്കരണ കമ്മീഷൻ നൽകിയ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) | ജയിൽ പരിഷ്കരണ കമ്മീഷൻ നൽകിയ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :-<br>1) 1983- ലെ എ.എം. മുള്ള കമ്മീഷനിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളിൽ നടപ്പിലാക്കാൻ ബാക്കി നിൽക്കുന്നവ വരും വർഷങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.<br>2) 1986- ലെ മോഡൽ പ്രിസൺ മാനുവലിലെ നടപ്പാക്കാനുള്ള ഭാഗങ്ങൾ കേരള നിയമസഭ ഭേദഗതി വരുത്തി കേരള പ്രിസൺ നിയമത്തിലോ ചട്ടത്തിലോ ഉൾപ്പെടുത്തേണ്ടതാണ്.<br>3)1992 ലെ ജസ്റ്റിസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ ബാക്കിയുള്ളത് വരും വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ടതാണ്.<br>4) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനായി ജയിൽ വകുപ്പിൽ നടപ്പാക്കാവുന്ന കാര്യങ്ങൾ ( ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണം, വെട്ടുകല്ല് നിർമ്മാണം, ഔഷധസസ്യം വളർത്തൽ, മിനറൽ വാട്ടർ പദ്ധതി തുടങ്ങിയവ) പരമാവധി നടപ്പാക്കി വകുപ്പിന്റെ വരുമാനം 10 കോടിയെങ്കിലും വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.<br>5) അധിക ചെലവില്ലാതെ വകുപ്പിൽ നടപ്പാക്കാൻ പറ്റുന്ന കാര്യങ്ങൾ പരമാവധി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.<br>6) അധിക ചെലവോടുകൂടി നടപ്പാക്കണം എന്ന് ജയിൽ ജീവനക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ സാധ്യതാ പഠനവും സാമ്പത്തിക വിശകലനവും |

| | | | |
|---|---|---|---|
| | | | നടത്തി നടപ്പാക്കാൻ അനുയോജ്യമായവ നടപ്പാക്കുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.<br>7) ജയിൽ വകുപ്പിൽ നിലവിൽ 3 റേഞ്ചുകൾ മാത്രമുള്ളതിനാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി വകുപ്പിനെ 4 റേഞ്ചുകളായി പരിവർത്തനം ചെയ്യേണ്ടതാണ്.<br>8) കേരളത്തിൽ നിലവിലുള്ള 3 സെൻട്രൽ ജയിലുകൾക്കുപരിയായി കോഴിക്കോട്, എറണാകുളം, മുട്ടം എന്നീ സ്ഥലങ്ങളിൽ കൂടി സെൻട്രൽ ജയിലുകൾ സ്ഥാപിച്ചെട്ടുക്കേണ്ടതാണ്.<br>9) എല്ലാ ജില്ലകളിലും ജില്ലാ ജയിലുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>10) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 4 റേഞ്ചുകളിൽ 2 റേഞ്ചുകളിൽ മാത്രമേ തുറന്ന ജയിലുകൾ നിലവിലുള്ളൂ. ആയതിനാൽ 2 റേഞ്ചുകളിൽ കൂടി തുറന്ന ജയിൽ ഉണ്ടാക്കേണ്ടതാണ്.<br>11) അതീവ സുരക്ഷാ ജയിൽ ബാക്കി നിർമ്മാണം പൂർത്തിയാക്കി ടി ജയിലിലേയ്ക്ക് മാറ്റി പാർപ്പിക്കേണ്ട തടവുകാരെ ഉടനടി മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.<br>12) ഓരോ പോലീസ് സബ് ഡിവിഷനുകളിലും ഒരു ജയിലെങ്കിലും ഉണ്ടാകേണ്ടതാണ്. |
| (ബി) | നിലവിലെ ജയിലുകളുടെ അവസ്ഥ എങ്ങനെയാണ് ഈ കമ്മീഷൻ വിലയിരുത്തിയിട്ടുള്ളത് ; | (ബി) | നിലവിൽ ജയിലുകളിൽ ലിവിംഗ് സ്പേസിനേക്കാൾ അധികം തടവുകാരെ പാർപ്പിച്ചുവരുന്നുണ്ടെന്നും 3:10 അനുപാതം അനുസരിച്ച് 5845 തടവുകാരെ സംരക്ഷിക്കാനുള്ള ജീവനക്കാർ മാത്രമേ വകുപ്പിൽ ഉള്ളൂ എന്നും വിലിയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (സി) | റിപ്പോർട്ട് സർക്കാർ പരിഗണിക്കുകയും ആയതിലെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനയുടെയും സമയക്രമത്തിന്റേയും (ഹ്രസ്വകാലം/മിതകാലം/ദീർഘകാലം) അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ തരംതിരിച്ച് ഓരോന്നിന്റേയും സാധ്യത, നടപ്പാക്കുന്നതിനാവശ്യമായ ചെലവ്, അധികവിഭവശേഷി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി വ്യക്തമായ റിപ്പോർട്ട് നല്കാൻ ജയിൽ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ